ഉത്തരം

(എ) പുന്തുറ പൊഴി അഴിയായി വികസിപ്പിക്കുന്നതിന് ജലവിഭവ വകുപ്പ് യാതൊരു സർവ്വേയും നടത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നദികൾ, കായലുകൾ, കുളങ്ങൾ, നെൽപ്പാടങ്ങൾ തുടങ്ങിയവയുടെ സംരക്ഷണത്തിനായി പദ്ധതികൾ

36 [3623] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തോതിൽ ജലമണൽ ചൂഷണം തുടരുകയാണെങ്കിൽ സംസ്ഥാനത്തെ ചില നദികൾ താമസംവിനാ അപ്രത്യക്ഷമാകുമെന്ന നിലയിൽ ഏതെങ്കിലും പഠന റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മുന്നറിയിപ്പിനെ തുടർന്ന് നദീസംരക്ഷണത്തിന് ഏതെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(സി) നദികൾ, കായലുകൾ, കുളങ്ങൾ, നെൽപാടങ്ങൾ തുടങ്ങിയവയുടെ സംരക്ഷണത്തിനായി ജലവിഭവ വകുപ്പു നേതൃത്വം നൽകുന്ന പരിപാടികളെ സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 2711-01-103-99—Mace of F.C., 2711-01-103-98 Repairs due to flood damages എന്നീ ശീർഷകങ്ങളിലുള്ള തുക വിനിയോഗിച്ച് നദികളുടെ തീര സംരക്ഷണത്തിനുള്ള ജോലികൾ നടത്തിവരുന്നു. റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദീതീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ ജില്ലാതല വിദഗ്ദ്ധ സമിതികൾ മുഖേന സർക്കാരിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ നദികളുടെ നീരൊഴുക്ക് സംരക്ഷിക്കുന്നതിനായി തടയണകളുടെ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ആക്കുളം കായലിന്റെ സംരക്ഷണത്തിനായി ചെളി നീക്കം ചെയ്ത് ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തി വിനോദസഞ്ചാര വകുപ്പിന്റെ സഹായത്തോടുകൂടി നടപ്പാക്കിവരുന്നു. ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണത്തിനായി സി.ഡബ്ലിയു.ആർ.ഡി.എം. തയ്യാറാക്കിയ പദ്ധതി കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾക്ക് 12 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly